**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2508** **12-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പാറക്വാറികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പാറക്വാറികൾ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദീകരിക്കാമോ; | (എ) | കേരളത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത ക്വാറികളുടെ എണ്ണം 586 ആണ്. തിരുവനന്തപുരം 57 കൊല്ലം 25 പത്തനംതിട്ട 52 ആലപ്പുഴ 5 കോട്ടയം 25 ഇടുക്കി 17 എറണാകുളം 62 തൃശ്ശൂർ 26 പാലക്കാട് 61 മലപ്പുറം 109 കോഴിക്കോട് 64 വയനാട് 5 കണ്ണൂർ 64 കാസർഗോഡ് 14 |
| (ബി) | ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് അടുത്ത കാലത്തുണ്ടായ സുപ്രീം കോടതി വിധിയെ തുടർന്ന് പാരിസ്ഥിതികാനുമതി പിൻവലിയ്ക്കപ്പെട്ട ക്വാറികളുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദീകരിയ്ക്കാമോ; | (ബി) | ബഹു. സുപ്രീം കോടതി വിധിയെ തുടർന്ന് ക്വാറികളുടെ പാരിസ്ഥിതികാനുമതി പിൻവലിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പാറ ലഭ്യമല്ലെന്ന പരാതിയുടെ നിജസ്ഥിതി വിശദീകരിയ്ക്കാമോ? | (സി) | ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ കരിങ്കൽ ക്വാറികളുടെ ദൂരപരിധി 200 മീറ്ററാക്കി ഉയർത്തിയതിനെ തുടർന്ന് ഒരു വർഷക്കാലയളവിൽ അനുവദിച്ച് വന്നിരുന്ന കരിങ്കല്ല് ഖനനത്തിനായുള്ള ക്വാറിയിങ് പെർമിറ്റുകൾ തുടർന്നും അനുവദിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. അതുപോലെ ലാറ്ററൈറ്റ്, കരിങ്കല്ല് എന്നീ ധാതുക്കളുടെ ഖനനാനുമതിക്കായി പുതുതായി സമർപ്പിച്ചിട്ടുള്ള 436 അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ